# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 912 — 20/03/2013 - ൽ മറുപടിക്ക്

### ഇ.എസ്.ഐ ആശുപത്രി ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻനടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളിൽ പല തിലും ആവശ്യത്തിന് ഡോ കട്ർമാരോ മറ്റ് ജീവനക്കാരോ മരുന്നുകളോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടു ണ്ടോ ;എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാ ക്കാമോ ; | (എ) ഡോക്ടർമാരുടെ അഭാവം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഉണ്ടെങ്കിലും എല്ലാ ഒഴിവുകളും സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് യഥാസമയം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 90% ഉദ്യോഗാർത്ഥികളും ജോലിക്ക് റിപ്പോർട്ട് ചെയ്യാത്തതിനെ തുടർന്ന് സർക്കാരിന്റെ അനുമതിയോടുകൂടി പ്രസ്തുത ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തതു മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും, അതിൽ പിഎസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് വീണ്ടും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു വിഭാഗം ജീവനക്കാരുടെയും മരുന്നുകളുടെയും അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ബി) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിലെത്തുന്ന രോഗികളെ വളരെ ചെറിയ രോഗമാണെങ്കിൽ പോലും ജില്ലാ ഇ.എസ്.ഐ. ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ഇത്തരം ഒരു സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ